(സി) ധാരണാപത്ര പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കേണ്ട വ്യവസ്ഥകൾ സർക്കാരിന് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) മാനേജ്മെന്റ് നടപ്പിലാക്കേണ്ട എന്തെല്ലാം വ്യവസ്ഥകൾ അവർ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) മിൽ എന്നത്തേക്ക് തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) ദീർഘകാലമായി അടഞ്ഞു കിടക്കുന്ന പുനലൂർ പേപ്പർമിൽ തുറന്ന് പ്രവർത്തിപ്പിക്കുവാനായി 30-4-2003-ൽ സർക്കാർ മാനേജ്മെന്റുമായി ഒരു ധാരണാപത്രത്തിൽ ഒപ്പു വച്ചിരുന്നു. ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവർക്കുള്ള കുടിശ്ശിക മാനേജ്മെന്റ് അടച്ച് തീർക്കേണ്ടതും മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അങ്ങനെ മിൽ തുറക്കുവാൻ നടപടി സ്വീകരിക്കുന്ന മുറയ്ക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതാണെന്നും ധാരണാപത്രത്തിൽ പറഞ്ഞിരുന്നു. എന്നാൽ, ധാരണാപത്രം ഒപ്പുവച്ച ശേഷം കാനറാ ബാങ്കിനുള്ള കുടിശ്ശിക അടച്ചു തീർത്തതൊഴിച്ച് മിൽ തുറക്കുവാൻ ആവശ്യമായ മറ്റ് നടപടികൾ ഒന്നും തന്നെ മാനേജ്മെന്റ് കൈക്കൊണ്ടിട്ടില്ല. ധാരണാപത്രത്തിന്റെ കോപ്പി വയ്ക്കുന്നു.†

മിൽ തുറക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ മാനേജ്മെന്റിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മാനേജ്മെന്റ് ഭാഗത്തുനിന്നും ക്രിയാത്മകമായി തുടർനടപടികൾ ഉണ്ടാകാത്തതിനെത്തുടർന്ന് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ആനുകൂല്യങ്ങളൊന്നും നൽകേണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു.

മിൽ എന്നത്തേക്ക് തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് ഇപ്പോഴത്തെ അവസ്ഥയിൽ പറയാൻ നിർവ്വാഹമില്ല.

മാങ്ങോശ്വരത്ത് ഫുഡ് പാർക്ക്

6 [470] **ശ്രീ. ചെർക്കളം അബ്ദുള്ള:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

മാങ്ങോശ്വരത്ത് സ്വകാര്യ മേഖലയിൽ ഒരു ഫുഡ് പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മറ്റുള്ളവരുടെ സ്വകാര്യ മേഖലയിൽ ഫ്ലൂഡ് പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കോസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി

7 [471] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കോസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി സ്ഥാപിച്ചിട്ട് എത്ര വർഷമായി;

(ബി) പ്രസ്തുത സ്ഥാപനം പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 10-2-1978-ൽ ആണ് ആസ്ട്രൽ വാച്ചസ് കമ്പനി രൂപീകരിച്ചത്.

(ബി) എന്റർപ്രൈസസ് റിഹാബിലിറ്റേഷൻ കമ്മറ്റി (ഇ.ആർ.സി.)-യുടെ ശുപാർശ പ്രകാരം ആസ്ട്രൽ വാച്ചസ് ലിമിറ്റഡിന്റെ പുനരുദ്ധാരണം നിയമാവലിയുടെ മേൽ നോട്ടത്തിൽ നടന്നുവരുന്നു. അതിലേയ്ക്കായി പത്രങ്ങൾ മുഖേന നടത്തിയ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു കമ്പനികളുടെ താൽപ്പര്യ പ്രകടനങ്ങൾ ലഭിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന തൊഴിലാളികൾ 50 ശതമാനം പേരെ (അതായത് 44 തൊഴിലാളികളെ) സാമൂഹ്യ സംരക്ഷണ പദ്ധതിയിൽപ്പെടുത്തി സ്വയം പിരിഞ്ഞു പോകുവാൻ അനുവദിക്കുകയും അവരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ബാക്കിയുള്ള തൊഴിലാളികളെക്കൂടി ഈ പദ്ധതിയിൽപ്പെടുത്തി സ്വയം വിരമിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കൈത്തറി വ്യവസായ വികസനം

8 [478] ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ വികസനത്തിന് വേണ്ടി എന്തൊക്കെ പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ കേന്ദ്ര/സംസ്ഥാന ആവിഷ്കരണ പദ്ധതികൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly